ലക്കം 17

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## യോഗ്യന്മാരായ വേലക്കാരെ അയയ്ക്കുക

ഏകദേശം 759 ബി.സിയിൽ യെശയ്യാ ദൈവശബ്ദം കേൾക്കുവാനിടയായി: “ആരെ ഞാൻ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും? (യെശയ്യ 6:8) ആവശ്യക്കാരായ ജനത്തിനിടയിലേക്ക് ആർ ദൈവവചനവുമായി പോകും? ദൈവവേലയ്ക്കായി, ഒരു സമ്പൂർണ്ണ സമർപ്പണത്തോടെ, ത്യാഗമനോഭാവത്തോടെ തങ്ങളുടെ സമയവും കഴിവും ബലിയർപ്പിച്ചുകൊണ്ടു ദൈവവചനം ജനങ്ങളുമായി പങ്കിടുവാൻ ആർ പോകും? സ്വർഗ്ഗീയസന്ദേശം ജനത്തോട് യാതൊരുവിധ ലൗകീക ഒത്തുതീർപ്പുമില്ലാതെ പങ്കിടുവാൻ ആരാണ് തങ്ങളുടെ സൗകര്യജീവിതം ത്യജിക്കുവാൻ തയ്യാറാവുക? സുവിശേഷത്തിനായി ത്യാഗവും കഷ്ടതയും സഹിക്കുവാൻ ആർക്കാണ് കഴിയുക? പ്രത്യാശയുടെയും വിശുദ്ധിയുടെയും സത്യങ്ങൾക്കായി നിലകൊള്ളുവാൻ കഴിയുന്നത് ആർക്കാണ്? ആത്മാവിന്റെ ശക്തമായ പ്രേരണ യെശയ്യാവ് ഉൾകൊണ്ടും. “അടിയൻ




ഇതാ അടിയനെ അയയ്ക്കേണമേ”(യെശയ്യ.6.8)

“കൊയ്ത്ത് വളരെയുണ്ട് സത്യം, വേലക്കാരോ ചുരുക്കം”. (മത്തായി 9:37) പാപപങ്കിലമായ ഈ ലോകത്തിൽ നിന്നും ജനത്തെ രക്ഷിക്കുവാൻ, സുവിശേഷസത്യങ്ങളെ ജനത്തെ അറിയിക്കുവാൻ ദൈവം സമർത്ഥരും വിശ്വസ്തരുമായ വ്യക്തികളെ അന്വേഷിക്കുകയാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയിലുള്ള ഓരോ വ്യക്തികളെക്കുറിച്ചും ദൈവത്തിന് വ്യക്തവും വ്യത്യസ്തവുമായ പദ്ധതികളുണ്ട്. ശുശ്രൂഷകന്മാർ, അധ്യാപകന്മാർ, സുവിശേഷവേലക്കാർ എല്ലാംതന്നെ ആവശ്യമാണ്. എന്നാൽ ദൈവത്തിനാവശ്യം ആത്മീയയോഗ്യതയുള്ള ശുശ്രൂഷകന്മാരെയാണ്. വിശുദ്ധിയോടെ നിർമ്മലതയോടുകൂടി മാതൃകാ ജീവിതം നയിക്കുന്നവരെയാണ് ദൈവം അന്വേഷിക്കുന്നത്. കൃഷിക്കാരൻ വേണം ആദ്യം ഫലം അനുഭവിക്കുവാൻ. (2 തീമൊ.2:6) മറ്റുള്ളവരോട് രക്ഷാദൂത് അറിയിക്കുന്ന സുവിശേഷകന് ആദ്യം രക്ഷയുടെ അനുഭവം ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ പ്രസ്തുത സന്ദേശം


| പത്രാധിപലേഖനം | ബൈബിൾ പഠനം: ദൈവീക ശുശ്രൂഷ | അനുബന്ധ ലേഖനം: ദൈവീക ശുശ്രൂഷ | ചോദ്യവും - ഉത്തരവും. | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് |
| --- | --- | --- | --- | --- |
| 3 | 4 | 5 | 7 | 8 |

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

ഉറപ്പും ധൈര്യവുമായി മറ്റുള്ളവരോട് പങ്കുവയ്ക്കുവാൻ കഴിയൂ. ദൈവവേലയ്ക്കായി പുറത്തുപോകുന്നവൻ നിർബന്ധമായും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവനായിരിക്കണം. (അപ്പൊ.1:8) ദൈവം വിളിച്ച വേലചെയ്യുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മ നടത്തിപ്പ് ആവശ്യമാണ്. പ്രസ്തുത ആത്മാവ് നമുക്ക് ശരിയായ ലക്ഷ്യബോധവും ആത്മീയ അധികാരവും, അഭിഷേകവും നൽകുന്നു.

യഥാർത്ഥവേലക്കാരൻ താഴ്മയുള്ളവനും, മനസ്സൊരുക്കമുള്ളവനും, ദ്രവ്യാഗ്രഹമില്ലാത്തവനും, അധികാരമോഹമില്ലാത്തവനും ആയിരിക്കും. (1 പത്രോ. 5:2-3) വിശ്വാസികൾക്ക് മാതൃകയുള്ളവനായിരിക്ക.(1 തീമൊ.4:12) ഒരു അധ്യക്ഷനുണ്ടായിരിക്കേണ്ട യോഗ്യതകൾ (മൂപ്പൻ/ശുശ്രൂഷകൻ) 1 തീമൊ.3:1-7, തീത്തൊ.1:7-9 എന്നീ വേദഭാഗങ്ങളിൽ കാണാവുന്നതാണ്. അവൻ നിരപവാദ്യനും, നിർമ്മലനും, നല്ല പെരുമാറ്റം ഉള്ളവനും, വിശുദ്ധനും വിശ്വസ്തനും, ജാഗ്രതയുള്ളവനും, നിഷ്കളങ്കനും, അതിഥി സൽക്കാരപ്രിയനും ആയിരിക്കണം. ഏക ഭാര്യയുടെ ഭർത്താവും, സ്വന്തം കുടുംബത്തെ ശരിയായി പരിപാലിക്കുന്നവനും ആയരിക്കേണം. (2തീമൊ.2:24) തല്ലുകാരനും മദ്യപാനിയും ആകരുത്. (1തീമൊ.5:21)

ഉപദേശിപ്പാൻ സമർത്ഥനും (2തീമൊ.2:24) മാതൃകാ ജീവിതമുള്ളവനും ആയിരിക്കേണം (2 കൊരി 3:5-6). പാട്ടുപാടാൻ കഴിവില്ലാത്ത ആളുടെ പാട്ടുകേൾക്കാൻ ജനങ്ങളുണ്ടാവില്ല. പഠിപ്പിക്കുവാനുള്ള കൃപയില്ലാത്ത വ്യക്തിയെക്കൊണ്ട് അതു സാധിക്കില്ല. പ്രസംഗിക്കാൻ കഴിവില്ലാത്ത വ്യക്തി സമയം വെറുതെ കളയുകയാവും ചെയ്യുക.

"എന്നാൽ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളെ ദൈവം വെവ്വേറെയായി ക്രമീകരിച്ചിരിക്കുന്നു." (1കൊരി. 12:18) യഥാർത്ഥത്തിൽ ദൈവമാണ് വേലക്കാരെ വിളിച്ചാക്കുന്നത്, മനുഷ്യനല്ല, മാനുഷിക ഇഷ്ടത്താലുമല്ല. അവർ ആത്മീയയോഗ്യതയുള്ളവരാണ്. വിദ്യാസമ്പന്നരാകണമെന്നില്ല.

ദൈവം ഇന്നും വിളിക്കുന്നു. സകലസൃഷ്ടിയോടും ദൈവവചനം അറിയിക്കുവാൻ ദൈവം ഇന്നും തന്റെ ദാസന്മാരെ വിളിക്കുന്നു. (മർക്കൊസ്.16:15) ആത്മാക്കളുടെ രക്ഷക്കായി ദൈവവിളിക്ക് യോഗ്യമായ നിലയിൽ പ്രതികരിക്കുന്നതിനെക്കാൾ വലിയ പദവിയില്ല, സ്ഥാനമില്ല. - MWS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*“എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും? നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം?” എന്ന് എഴുതിയിരിക്കുന്നുവല്ലോ. -റോമർ.10:14-15*

ദൈവവിളിക്കനുസരിച്ച് തങ്ങളുടെ ജീവിതസൗകര്യങ്ങൾ ത്യജിച്ച വിശ്വാസപിതാക്കന്മാരെ ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ദൈവവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് സ്വർഗ്ഗീയ ദർശനത്തെ പൂർണ്ണമായി അനുസരിച്ച് സമർപ്പിക്കപ്പെട്ട ജീവിതം നയിച്ചവരാണിവർ. സമൂഹത്തിൽ അന്ധകാരത്തിൽ കഴിഞ്ഞ ധാരാളം ജീവിതങ്ങളെ സുവിശേഷം രൂപാന്തരപ്പെടുത്തി, മാത്രമല്ല ഇനിയും ആ സത്യങ്ങൾ ധാരാളമായി അറിയിക്കുവാനുണ്ട്. ഇന്നത്തെ ആത്മീയഗോളം മുഴുവനും കള്ളപ്രവാചകന്മാരെക്കൊണ്ടും ദുരുപദേഷ്ടാക്കന്മാരെക്കൊണ്ടും നിറഞ്ഞിരിക്കുകയാണ്. വിശുദ്ധിയുടെയും മാനസാന്തരത്തിന്റെയും സന്ദേശമല്ല മറിച്ച് “സമൃദ്ധി”യുടെയും രോഗസൗഖ്യത്തിന്റെയും ദൂതുകൾ മാത്രമേ കേൾക്കാനുള്ളൂ.

ശുശ്രൂഷയെക്കുറിച്ച് എഴുതുവാനാണ് ഇത്തവണ കർത്താവ് എനിക്ക് പ്രേരണ നൽകുന്നത്. വിശ്വസ്തരായ ദൈവവേലക്കാരുടെ അഭാവമാണ് വാസ്തവത്തിൽ എവിടെയും കാണുന്നത്. ഇന്നത്തെ ആത്മീയലോകത്ത് എല്ലായിടത്തും കപടഭക്തിക്കാരും ദൈവനാമത്തെ ദുഷിക്കുന്നതിനു കാരണക്കാരുമാണ് നടമാടുന്നത്. യഥാർത്ഥവേലക്കാരുടെ ഉത്തമയോഗ്യതകളെ വിശ്വാസസമൂഹത്തെ ഓർപ്പിച്ചുണർത്തുവാനാണ് ഞാൻ ശ്രമിക്കുന്നത്.

ശുശ്രൂഷകന്മാർക്ക് മിക്കപ്പോഴും കഷ്ടപ്പാടുകളിലൂടെ പോകേണ്ടതായി വരും എന്നാൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടുകൂടി തങ്ങളുടെ വേലതികയ്ക്കുന്നതിനേക്കാൾ വലിയതായി ഒന്നുമില്ല. വിശ്വസ്തശുശ്രൂഷകന്മാർ രക്ഷാദൂത് വളരെ ശക്തിയോടും ആത്മഭാരത്തോടും കൂടി വിളിച്ചറിക്കുന്നവരാണ്.

കൈവയ്പ്പ് ശുശ്രൂഷയെ കുറച്ചുകൂടി ചുരുക്കമായെങ്കിലും ഈ പംക്തിയിൽ വിവരിക്കുന്നുണ്ട്. കൈവയ്പ്പ് എന്നത് വളരെ പ്രധാനപ്പെട്ട ഗൗരവമായ ഒരു കാര്യം തന്നെ. ചിലർ ഈ ഉപദേശത്തോട് അല്പം സങ്കോചത്തിലുള്ള മനോഭാവമാണ് വച്ചുപുലർത്തുന്നത്. വിഷമഘട്ടങ്ങളിൽ ഉറച്ചനിലപാടുകൾ എടുക്കുന്നതിൽ ഭയത്തോടെ നോക്കികാണുന്നവർക്ക് ഇതും ഭയമാണ് ഉടലെടുക്കുന്നത്. പഥ്യോപദേശത്താൽ സഭയെ പോറ്റി പുലർത്തുന്നവർക്ക് സമർത്ഥരും വിശ്വസ്തരുമായ ശുശ്രൂഷകരെ തിരിച്ചറിയുവാനും അവരെ കൈവച്ച് ശുശ്രൂകൾക്ക് വേർതിരിച്ച് അധികാരപ്പെടുത്തുന്നതും ഒരനുഗ്രഹം തന്നെയാണ്.

എന്ന് കർത്തൃശുശ്രൂഷയിൽ

**മൈക്കിൾ ഡബ്ല്യു സ്മിത്ത്**

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org



## ശുശ്രൂഷകന്മാർക്കുണ്ടായിരിക്കേണ്ട വേദപുസ്തക അടിസ്ഥാന യോഗ്യതകൾ

**************

അപ്പൊ 1:8
**പരിശുദ്ധാത്മനിറവ്**
(ലൂക്കോസ് 24 : 49)

2 തീമൊ 2:24
**ഉപദേശിപ്പാൻ സമർത്ഥൻ**
(1 തീമൊ.3:2)

2 കൊരി 3: 5-6
**കഴിവുള്ളവർ**
(തീത്തൊ 1 :9)

2 തിമൊ 2: 6
**ആദ്യഫലം അനുഭവിക്കുന്നവർ**

1 പത്രൊ 5 : 2-3
**സന്മനസ്സുള്ളവർ, വിശ്വാസികൾക്ക് മാതൃകയുള്ളവർ**
(1 തീമൊ 4 :12)

അപ്പൊ 20:19
**താഴ്മയുള്ളവർ**

1 തീമൊ 3 :1 - 7,
തീത്തൊ 1 : 7-9
**നിർമ്മദൻ, നല്ല പെരുമാറ്റമുള്ളവർ, ഏകഭാര്യയുടെ ഭർത്താവ്, സ്വന്തകുടുംബത്തെ ശരിയായി പരിപാലിക്കുന്നവൻ, അതിഥി സൽക്കാര പ്രിയൻ, മദ്യപാനിയാകരുത്, ജഡികനാകരുത്, ദീർഘക്ഷമയുള്ളവൻ, നല്ല സാക്ഷ്യമുള്ളവൻ, വിശുദ്ധൻ, വിശ്വസ്തൻ**

# ബൈബിൾ പഠന സഹായി

## വിഷയം : ദൈവീക ശുശ്രൂഷ

**വായനഭാഗം :** അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഉപദേഷ്ടാക്കന്മാരായും ചിലരെ ഇടയന്മാരായും നിയമിച്ചിരിക്കുന്നു. — എഫെസ്യർ 4: 11,12

**രത്നചുരുക്കം :** ശുശ്രൂഷകന്മാർ ദൈവവിളിയുള്ളവരും, യോഗ്യന്മാരും, കഴിവുള്ളവരും വിശ്വാസികൾക്ക് മാതൃകയുള്ളവരുമാകണം. മാത്രമല്ല അവർ വിശ്വസ്തന്മാരും ദൈവത്തിന്റെ അഭിഷേകത്താൽ നിറഞ്ഞവരും സത്യത്തെക്കുറിച്ച് ജനത്തിന് മുന്നറിയിപ്പ് കൊടുക്കുന്നവരുമായിരിക്കണം.

I. **ശുശ്രൂഷക്കായുള്ള അധികാരപ്പെടുത്തൽ**
   A. മത്തായി. 28: 19-20 പോകുക, പഠിപ്പിക്കുക
   B. മർക്കൊസ്. 16: 15-16 സകലജാതികളോടും സുവിശേഷം പ്രസംഗിക്കുക

II. **ശുശ്രൂഷയുടെ പ്രകൃതം**
   A. 2 കോരി 5: 20 ക്രിസ്തുവിന്റെ സ്ഥാനപതികൾ
   B. 1 കൊരി 4: 1 ദൈവത്തിന്റെ ഗൃഹവിചാരകന്മാർ
   C. ഫിലിപ്പ്യർ 1: 7 സുവിശേഷത്തിന്റെ വക്താക്കൾ

III. **ശുശ്രൂഷക ഉത്തരവാദിത്വം (പഴയനിയമം)**
   A. യെശയ്യ 58: 1 നിലവിളിക്കുക, അടങ്ങിയിരിക്കരുത്.
   B. യെശയ്യ 62: 6-7 മതിലിന്മേലുള്ള കാവൽക്കാരായി
   C. യിരെമ്യ 23: 1-5 വിശ്വസ്ത ഇടയന്മാർ
   D. യെഹസ്ക്കേൽ. 3: 17-21 മുൻ അറിയിപ്പുകൊടുക്കുവാനുള്ള ബാധ്യതയുള്ളവർ

IV. **വചനം പ്രസംഗിക്കാനുള്ള കടമ**
   A. എഫെസ്യ 3: 8,9 ക്രിസ്തുവിന്റെ അപ്രമേയധനം
   B. അപ്പൊ 5: 19-20 ജീവന്റെ വചനം പ്രസ്താവിക്കുക
   C. അപ്പൊ 20: 26-31 ദൈവാലോചന അറിയിക്കുക, മേൽനോട്ടം വഹിക്കുക, സഭയെ പുലർത്തുക, ജാഗ്രതയോടെ മുന്നറിയിപ്പുകൊടുക്കുക
   D. തിത്തൊസ് 2: 15 പോറ്റുന്നതോടൊപ്പം തികഞ്ഞ അധികാരത്തോടെ ശാസിക്കുക

V. **പ്രസംഗശൈലി**
   A. 2 കൊരി 4:5 ക്രിസ്തുവിനെ പ്രസംഗിക്ക, നമ്മെയല്ല
   B. 1 കൊരി 2: 1-5 മനുഷ്യന്റെ വശീകരണവാക്കാലല്ല ശക്തിയോടെ
   C. 1 പത്രോസ് 4: 11 ക്രിസ്തുവിന്റെ മഹത്വത്തിന് ഒത്തവണ്ണം
   D. എഫെസ്യ 4: 15 ക്രിസ്തുവിന്റെ സ്നേഹത്തിൽ സത്യം സംസാരിക്കുക
   E. അപ്പൊ 20: 20, 27 ഒന്നും മറച്ചുവയ്ക്കാതെ
   F. 1 തെസ്സ 2: 4,5 മനുഷ്യപ്രീതിക്കായല്ല (ഗലാത്യ 1:10,11)
   G. മത്തായി 10: 28 മനുഷ്യഭയമില്ലാതെ

VI. **മറ്റ് ശുശ്രൂഷകചുമതലകൾ**
   A. 1 തെസ്സ 5:14 മുൻ അറിയിക്ക, ആശ്വസിപ്പിക്കുക, പിന്തുണക്ക, ക്ഷമയോടെ
   B. 2 തീമോ 2:15 പഠനം, ധ്യാനം, ഒരുക്കം (1 തീമൊ 4:14,15)
   C. മത്തായി 10 :7-8 ഔദാര്യമായി കൊടുക്കുക

**ഉപസംഹാരം**

വചനം പ്രസംഗിക്ക. സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക. സകല ദീർക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക. തർജ്ജനം ചെയ്ക, പ്രബോധിപ്പിക്കുക, അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ്, സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടക്കന്മാരെ പെരുക്കുകയും സത്യത്തിന് ചെവി കൊടുക്കാതെ കെട്ടുകഥകേൾപ്പാൻ തിരികയും ചെയ്യുന്നകാലം വരും. നീയോ സകലത്തിലും നിർമ്മദൻ ആയിരിക്ക.... നിന്റെ ശുശ്രൂഷ നിറപടിയായി ചെയ്ക.

– 2 തീമൊ 4:2 –5

# ദൈവീകശുശ്രൂഷ

## ദൈവീകമായ വിളി

ദൈവത്തിന്റെ ആത്മാവാണ് അപ്പൊസ്തലന്മാരെയും, പ്രവാചകന്മാരെയും, സുവിശേഷകന്മാകന്മാരെയും, ഇടയന്മാരെയും, ഉപദേഷ്ടാക്കന്മാരെയും, വിളിക്കുന്നതും യോഗ്യരാക്കുന്നതും . ശുശ്രൂഷ നല്കുന്നത് "വിശുദ്ധന്മാരുടെ യഥാസ്ഥാപനത്തിനും .... ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീകവർദ്ധനയ്ക്കും, ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും ഐക്യതയിലും തികഞ്ഞു വരുവാനുമാകുന്നു" (എഫെസ്യർ 4:13) ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടികളോടും സുവിശേഷം അറിയിക്കുവാൻ യേശു, ശിഷ്യന്മാരെ നിയോഗിച്ചതുപോലെ , അവിടുന്ന് ഇന്നും നിയോഗിക്കുന്നു. (മർക്കൊസ് 16 :15-16). നിത്യതയുള്ള പ്രാണൻ നാശത്തിൽ ആയിരിക്കുന്നതിനാൽ ദൈവവചനം അറിയിക്കുന്നത് വളരെ ഗൗരവമേറിയ നിയോഗമാണ്. ഒരുവൻ അദ്ധ്യക്ഷസ്ഥാനം (മൂപ്പൻ) കാംക്ഷിച്ചാൽ നല്ല വേല ആഗ്രഹിക്കുന്നു. (1 തിമൊ. 3:1) യാദൃശ്ചികമായോ, അലക്ഷ്യമായോ സ്വീകരിക്കേണ്ടതല്ല ആ പദവി , പിന്നെയോ ഒരുവന്റെ ജീവിതത്തിൽ ദൈവവിളിയും പരിശുദ്ധാത്മ അഭിഷേകവും ഉണ്ടായിട്ട് ചെയ്യേണ്ട ശുശ്രൂഷ ആകുന്നു അത്.



## യോഗ്യരായ വേലക്കാർ

ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രതിനിധീകരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന സ്ഥാനപതികളാണ് ശുശ്രൂഷകന്മാർ. അതുകൊണ്ട് വിളിക്കു യോഗ്യമാംവണ്ണം നടക്കേണ്ടത് അവഗണിക്കുവാൻ കഴിയാത്ത ആവശ്യം ആകുന്നു.(എഫെസ്യർ 4:1). അവരുടെ സ്വഭാവം, വസ്ത്രം, ജീവിതശൈലി എല്ലാം ആത്മാവിൽ ക്രിസ്തുവിന് മഹത്വം നല്കുന്നതായിരിക്കണം. ശുശ്രൂഷകന്മാർ ദൈവവചന പ്രകാരമുള്ള യോഗ്യതയില്ലാത്തവർ എങ്കിൽ, ദൈവം വിളിച്ച് ആ യോഗ്യത നൽകുന്നത് വരേയും അവർ ശുശ്രൂഷിക്കരുത്. അവർ ക്രിസ്തുവിന്റെ ശുശ്രൂഷകന്മാരും, "ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും" എന്നിങ്ങനെ ഓരോരുത്തർ എണ്ണിക്കൊണ്ട് (1കൊരിന്ത്യർ 4:1) വിശ്വാസം സംരക്ഷിക്കുന്നവർ ആയിരിക്കണം.

അയോഗ്യരും വ്യാജന്മാരുമായ ശുശ്രൂഷകന്മാർ ദൈവവചനം കൈകാര്യം ചെയ്യുന്നതിനാൽ ലോകത്തിൽ എല്ലായിടത്തും ദൈവവേല തടസ്സപ്പെടുന്നുണ്ട്. ദൈവദാസന്മാർ വിശ്വാസികളെ സേവിക്കുന്നതിനും അവരുടെ ആത്മീയ ഉന്നമനത്തിനും വേണ്ടി നില്ക്കണം, അല്ലാതെ തങ്ങളുടെ സുഖസൗകര്യങ്ങൾക്കു വേണ്ടി ആയിരിക്കരുത്. "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊള്ളുവിൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മനഃപൂർവ്വമായും, ദുരാഗ്രഹത്തോടെയല്ല ഉന്മേഷത്തോടെയും ഇടവകകളുടെമേൽ കർതൃത്വം നടത്തുന്നവരായിട്ടല്ല ആട്ടിൻകൂട്ടത്തിനു മാതൃകകളായി തീർന്നുകൊണ്ട് അദ്ധ്യക്ഷത ചെയ്യുവിൻ" (1 പത്രോസ് 5:2). "സൗജന്യമായി നിങ്ങൾക്കു ലഭിച്ചു സൗജന്യമായി കൊടുക്കുവിൻ" (മത്തായി 10 :8).

## മതിലുകളിന്മേലുള്ള കാവല്ക്കാർ

പഴയനിയമം വളരെ ഹൃദയസ്പർശിയായതും പ്രസക്തവുമായ നിർദ്ദേശങ്ങൾ ശുശ്രൂഷകന്മാർക്ക് നല്കുന്നുണ്ട്"ഞാൻ നിന്റെ മതിലുകളിന്മേൽ കാവൽക്കാരെ ആക്കിയിരിക്കുന്നു; അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയിരിക്കുകയില്ല" (യെശയ്യാവ് 62:6) "ഉറക്കെ വിളിക്ക; അടങ്ങിയിരിക്കരുത്! കാഹളം പോലെ നിന്റെ ശബ്ദം ഉയർത്തി, എന്റെ ജനത്തിന് അവരുടെ ലംഘനങ്ങളെയും യാക്കോബ് ഗൃഹത്തിന് അവരുടെ പാപങ്ങളേയും അറിയിക്കുക." (യെശയ്യ 58:1) ജീവിതത്തിന് സ്വാദ് പകരുന്ന നിത്യസുവിശേഷം മരണം വരെയും പറയുന്നതിന് മതിലുകളിന്മേൽ ആക്കിവച്ചിരിക്കുന്നവരാണ് ശുശ്രൂഷകന്മാർ. ശത്രുവന്ന് ജനത്തിന്റെ ഇടയിൽ പ്രവർത്തിക്കുന്നത് കണ്ടിട്ട് ജനത്തിനെ ബോധവാന്മാരാക്കാതെ മിണ്ടാതെയിരുന്നാൽ അവരുടെ ആത്മാവിന്റെ നഷ്ടം ദൈവം ശുശ്രൂഷകനോട് ചോദിക്കും (യെഹസ്ക്കേൽ 3:17-21). ശുശ്രൂഷകൻ ദൈവീക ഉപദേശം കൊടുത്തിട്ടും അനുസരിക്കാതെ മുന്നോട്ടു പോയാൽ ജനങ്ങൾ തന്നെ കുറ്റക്കാർ ആയിരിക്കും. ഒരു വലിയ ഉത്തരവാദിത്വത്തിന് കണക്കു ബോധിപ്പിക്കേണ്ടവരായതിനാൽ എത്ര ഗൗരവമായ കാര്യമാണ് ഒരു ശുശ്രൂഷകൻ ആയിരിക്കുക എന്നത്.

## വചനം പ്രസംഗിക്കുന്ന ജോലി

ശുശ്രൂഷകന്മാരെ വിളിച്ചിരിക്കുന്നത് ക്രിസ്തുവിന്റെ അപ്രമേയധനത്തെ (എഫെസ്യർ 3:8) ലോകത്തിൽ എല്ലാവരോടും പ്രസംഗിക്കുവാനാണ് (അപ്പോ.പ്രവർത്തികൾ 5:20). യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയുടെ സുവി

ശേഷം പങ്കുവയ്ക്കുന്നത് ഒരു ബഹുമതിയും സന്തോഷ വുമാണ്. “ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവ യ്ക്കാതെ ഞാൻ മുഴുവനും അറിയിച്ചു തന്നുവല്ലോ” എന്ന് പൗലോസ് എന്നു പ്രസ്താവിച്ചതുപോലെ ആയിരി ക്കണം സുവിശേഷകന്മാർ (അപ്പോ:പ്രവർത്തികൾ 20:27). സത്യമായത് പ്രസംഗിക്കുമ്പോൾ പ്രതിസന്ധികൾ അകത്തും പുറത്തും ഉണ്ടാകും, എന്നാൽ ശുശ്രൂഷകന്മാർ പൂർണ്ണഗൗരവത്തോടെ പ്രസംഗി ക്കുകയും പ്രബോധിപ്പിക്കുകയും ശാസിക്കുകയും വേണം (തീ ത്തോസ് 2:15). മനുഷ്യരെ പ്രീതി പ്പെടുത്തുവാനല്ല ദൈവത്തെ പ്രസാദിപ്പിക്കുവാനാണ് പ്രസംഗി ക്കേണ്ടത്. (1 തെസ്സലൊനികൃർ 2:4-5). മനുഷ്യനെയോ വരുവാ നുള്ള പീഡകളെയോ ഭയപ്പെട്ടു കൊണ്ട് ആയിരിക്കരുത് പ്രസംഗം (മത്തായി 10:28)



### ആട്ടിൻകൂട്ടത്തെ മേയിക്കുക

ദൈവം, ആത്മീക അദ്ധ്യക്ഷ ന്മാരായി ശുശ്രൂഷകന്മാരെ നിയമിച്ചിരിക്കുന്നത് ജനത്തിനു മേൽ കർത്തൃത്വം നടത്തുവാനല്ല, ഇടയൻ ആടുകളെ പാലിക്കുന്നതുപോലെ അവരെ സേവിക്കുവാൻ ആകുന്നു. അവർ ദൈവത്തിന്റെ സഭയ്ക്ക് ആവശ്യമായ ആഹാരം നൽകി മേയിക്കണം (അപ്പൊ. പ്രവർത്തികൾ 20:28). ഒരു ത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസംഗിക്കുന്നതു പോലെയും ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിക്ക് ഒത്തവണ്ണവും യേശുക്രി സ്തുമൂലവും ദൈവനാമമഹത്വത്തിന് ആയിരിക്കണം (1 പത്രോസ് 4:11). അഭിപ്രായങ്ങളോ, കേവലം പാരമ്പര്യ ങ്ങളോ, ചരിത്രങ്ങളോ പറയാതെ ശുശ്രൂഷകന്മാർ ദൈവ ത്തിന്റെ പരിശുദ്ധവും മാറ്റമില്ലാത്തതുമായ വചനത്തിൽ നിന്നുവേണം പ്രസംഗിക്കുവാൻ. അനേകരും സ്വയം ഉയർത്തി ഉല്ലാസപരവും ബൗദ്ധികവും വ്യക്തിപ്രഭാവ ങ്ങളെ ഉയർത്തുന്നതുമായ ശുശ്രൂഷകളാണ് ചെയ്യുന്നത്. ശരിയായ ശുശ്രൂഷകൻ തങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനം എന്നു ചിന്തിക്കണം (2 കൊരിന്ത്യർ 3:5-6). “യേശു ക്രിസ്തുവിനെ കർത്താവെന്നും ഞങ്ങളെയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നത്രേ ഞങ്ങൾ പ്രസം ഗിക്കുന്നതു (2 കൊരിന്ത്യർ 4:5). ക്രിസ്തുവിൽ കേന്ദ്രീകൃ തമായിരിക്കണം ശുശ്രൂഷ മനുഷ്യനിൽ ആയിരിക്കരുത്.

### സന്തുലിതമായ ശുശ്രൂഷ

പരിശുദ്ധാത്മ നിറവുള്ള പ്രസംഗം ലഭിക്കുന്നത് രക്ഷകനെ അറിഞ്ഞ് കൂടെ നടക്കുകയും ദൈവ പ്രേരണയാൽ ലഭി ക്കുന്ന സന്ദേശത്തിനോട് വിശ്വസ്തത കാണിക്കുകയും ചെയ്യുമ്പോൾ ആകുന്നു. പൗലോസ് പ്രസ്താവിച്ചത് തന്റെ പ്രസംഗത്തിന് ജ്ഞാനമോ വൈഭവമോ ഇല്ല എന്നാണ്. യേശുക്രിസ്തുവിനെ പ്രസംഗിക്കുകയല്ലാതെ ജ്ഞാന ത്തിന്റെ വശീകരണവാക്കുകൾ ആയിരുന്നില്ല പൗലോസി ന്റേത്. ആത്മാവിന്റെയും ദൈവശക്തിയുടെയും പ്രദർശന ത്താലായിരുന്നു അത് ( 1 കൊരിന്ത്യർ 2: 1-5). യഥാർത്ഥ അഭിഷേകത്താലുള്ള ശുശ്രൂഷയിൽ വിവേചനാധികാരം മാറ്റിനിർത്തുവാൻ കഴിയുകയില്ലയെങ്കിലും ശുശ്രൂഷയുടെ അടിസ്ഥാനം സ്നേഹത്തിലുള്ളതു ആയിരിക്കണം. “സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം വളരുവാൻ ഇടയാകും. (എഫെസ്യർ 4 :15). ചില ശുശ്രൂഷകന്മാർ വിവേചനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ സ്നേഹത്തിന്റെ അർത്ഥ വത്തായതും കൂടുതൽ ആഴമേറിയതുമായ സന്ദേശങ്ങൾ നഷ്ടപ്പെടുന്നു. മറ്റുചിലർ സ്നേഹത്തിൽ ജനങ്ങളോട് പെരുമാറുന്നതിൽ അധികം ശ്രദ്ധിക്കുകയും , സത്യസ ന്ധരായ ആത്മാക്കൾക്ക് വളർച്ചയും ജീവനും നൽകുന്ന കാര്യങ്ങൾ വിട്ടു കളയുകയും ചെയ്യുന്നു. ശുശ്രൂഷയിൽ ആവശ്യമായ സന്തുലിത സ്ഥിതിവേണം.

### കരുതുന്ന ശുശ്രൂഷ

“വചനം പ്രസംഗിക്കുക, സമയത്തും അസമയത്തും ഒരുങ്ങി നിൽക്കുക; സകല ദീർഘക്ഷമയോടും ഉപദേശ ത്തോടും കൂടെ ശാസിക്കുക; തർജ്ജനം ചെയ്യുക, പ്രബോധിപ്പിക്കുക എന്നാണ് തിമൊഥെയൊസിനോട് നിർദ്ദേശിച്ചതു (2 തിമൊഥെയൊസ് 4:2). ജീവിതത്തിലെ പരിശോധനകൾക്കും വികാരങ്ങൾക്കും അപ്പുറം വിശ്വ സ്തനായിരിക്കുന്നതാണ് പ്രധാനം. ശുശ്രൂഷകന്മാർ ദീർഘക്ഷമയും സഹിഷ്ണുതയും കാത്തുകൊണ്ട് സ്നേഹം, സന്തോഷം, സൗമ്യത, എളിമ മുതലായവ യുടെ ആഴങ്ങളിലേക്ക് പോകണം. ശുശ്രൂഷയിൽ യോഗ്യ നായ ഒരുവൻ ബലഹീനനെ താങ്ങുന്നവൻ ആയിരിക്കും (1 തെസ്സലൊനികൃർ 5 : 14). അവൻ ക്ഷമയും ദയയുമു ള്ളവനും ആട്ടിൻകൂട്ടത്തെ ഇടയശ്രേഷ്ഠനായ യേശു, സംരക്ഷിക്കുന്നതു പോലെ സംരക്ഷിക്കുന്നവനും ആയി രിക്കും.

### ശുശ്രൂഷയിലെ ഒരുക്കം

ഏതു ജോലിയിലോ വിളിയിലോ എന്നതു പോലെ ശുശ്രൂ ഷകന്മാർ വചനം പഠിക്കുവാൻ സ്വയം തയ്യാറാകണം. “സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിക്കുവാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവ ത്തിനു കൊള്ളാകുന്നവനായി നില്ക്കുവാൻ ശ്രമിക്കുക ” (2 തിമൊഥെയോസ് 2:15). “ഇതിൽ തന്നെ ഇരുന്നുകൊ ള്ളുക; നിന്നെ തന്നെയും ഉപദേശത്തെയും സൂക്ഷിച്ചു കൊള്ളുക” എന്നതു പ്രധാനമായ കാര്യമാണ് (1 തിമൊ ഥെയോസ് 4:14-16). ജനം ദൈവഹിതം വ്യക്തമായി മന സ്സിലാക്കുന്നതിന് ശുശ്രൂഷകന്മാർ പ്രാഗത്ഭ്യത്തോടെ സംസാരിക്കണം (2കൊരിന്ത്യർ 3:14-16)

### വിശ്വസ്തമായ ശുശ്രൂഷ

സത്യസന്ധരായ എല്ലാം ശുശ്രൂഷകന്മാരും കർത്താവി നോടും സ്വർഗ്ഗീയദർശനത്തോടും വിളിയോടും വിശ്വസ്ത രായിരിക്കട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തു വിന്റെ കൃപയും സ്നേഹവും പരിശുദ്ധാത്മാഭിഷേക ത്തിന്റെ ശക്തിയും നിങ്ങളോടുകൂടെയിരിക്കട്ടെ.

- MWS

## ചോദ്യവും ഉത്തരവും

### കൈവയ്പ്പ് ശുശ്രൂഷ എന്താണ്?

ശുശ്രൂഷകന്റെ വിളിയും യോഗ്യതയും അംഗീകരിച്ചുകൊണ്ടു അയാളുടെ തലയിൽ കൈവച്ചുകൊണ്ട് അഭിഷിക്തരായ ശുശ്രൂഷകന്മാർ പ്രാർത്ഥിക്കുന്നതാണ് കൈവച്ചു നിയോഗിക്കൽ. പട്ടണംതോറും മൂപ്പന്മാരെ ആക്കിവയ്ക്കുവാൻ പൗലോസ് തിമൊഥെയോസിനോട് ആവശ്യപ്പെട്ടു (തീത്തോസ് 1:5). അഭിഷിക്തനായി നിയോഗിക്കുക എന്നതിന് ചുമതലപ്പെടുത്തുക, ക്രമത്തിൽ ആക്കുക മുതലായ അർത്ഥമാണ് ഉള്ളത്. "എന്റെ കൈവയ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കണം" എന്ന് തിമൊഥെയൊസിനോട് പൗലോസ് ആവശ്യപ്പെട്ടു (2 തിമൊഥെയൊസ് 1:6) പ്രത്യേക വേലയ്ക്കു വേണ്ടി വേർതിരിച്ചുകൊണ്ട് ദൈവീകമായ അംഗീകാരത്തെയും ചുമതലപ്പെടുത്തലിനെയും സഭയിൽ പരസ്യപ്പെടുത്തുന്ന തിരുവചന മാതൃകകൾ വേറെയും ഉണ്ട്.

അപ്പോസ്തല പ്രവർത്തികൾ 13:2-4 പരിഗണിക്കുമ്പോൾ "അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായി അവരെ എനിക്ക് വേർതിരിക്കുവിൻ എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെ മേൽ കൈവച്ച് അവരെ പറഞ്ഞയച്ചു." പരിശുദ്ധാത്മാവാണ് വരങ്ങളും, വിളിയും യോഗ്യതയും എല്ലാം നൽകുന്നത് എന്ന് ഇവിടെ വ്യക്തമാക്കുന്നു.

കർത്താവിന്റെ വേലക്കാരും ഉപദേഷ്ടാക്കന്മാരും ദൈവീകമായ ശക്തിയാലും അധികാരത്താലും നിയോഗിക്കപ്പെടണം, കൈവയ്പ്പു ശുശ്രൂഷ, ഒരുവനെ പരിശുദ്ധാത്മാവ് തിരഞ്ഞെടുത്തു യോഗ്യനാക്കി എന്ന് സഭയിൽ അംഗീകരിക്കുന്ന ദൈവവചന പ്രകാരമുള്ള ഉപദേശത്തിന്റെ നടത്തിപ്പാണ്.

സഹോദരൻ ഓസ്റ്റിസ് വിൽസൺ 1979 ൽ "Faith and victory paper"ൽ ഈ വിഷയത്തെക്കുറിച്ച് എഴുതിയത്.

> കൂടെ വേലചെയ്യുന്ന ശുശ്രൂഷകന്മാരുടെ ഇടയിൽ നിന്ന് അംഗീകാരവും പിൻബലവും പ്രോത്സാഹനവും ഉണ്ടാകുമ്പോൾ കൂടുതൽ ഫലവത്തായും സ്വതന്ത്രമായും വേല ചെയ്യുവാൻ ഒരു ശുശ്രൂഷകന് കഴിയും എന്നത് തീർച്ചയുള്ള കാര്യമാണ്. ഒരാൾക്ക് കൂട്ടായ്മയിൽ 'മൂപ്പന്റെയോ', 'ഓവർസീയറുടെ'യോ വേല വിജയകരമായി ചെയ്യുന്നതിന് അഭിഷിക്തനായ മറ്റൊരു ശുശ്രൂഷകന്റെ കൈവയ്പ്പ് ആവശ്യമാണ്. ഒരു പക്ഷേ അയാൾ നന്നായി പ്രസംഗിക്കുകയും ജനത്തെ നയിക്കുകയും ചെയ്യുന്ന ആളായിരിക്കാം, എന്നാൽ കൈവയ്പ്പിനാൽ നൽകപ്പെടുന്ന അധികാരത്താൽ കൂട്ടായ്മയിൽ പ്രശ്നങ്ങൾ ഉണ്ടായാൽ അത് ഫലവത്തായ നിലയിൽ പരിഹരിക്കുവാൻ കൂട്ടായ്മ നൽകുന്ന അംഗീകാരവും പിൻബലവും ഉപകരിക്കും.

### കൈവയ്പ്പ് ആർക്കു നല്കണം?

കൈവയ്പ്പ് നല്കുവാനുള്ള ശുശ്രൂഷകൻ ഒരു മുപ്പനുവേണ്ട ആത്മീകയോഗ്യതയും ദൈവീക അഭിഷേകവും വിളിയും ജീവിതത്തിലുള്ള ആൾ ആയിരിക്കണം. അയാൾ വിശുദ്ധിയിൽ മാതൃകയും ഉപദേശത്തിൽ സമർത്ഥനും, ക്രിസ്തുവിന്റെ ആത്മാവുള്ളവനും ആയിരിക്കണം. പുതിയ ശിഷ്യൻ ആകുന്നു എങ്കിൽ പ്രായമോ അറിവോ പരിഗണിക്കാതെ ദൈവീക ശുശ്രൂഷ തെളിയിക്കുവാനുള്ള സമയം നല്കിയതിനു ശേഷം വേണം കൈവയ്പ്പു നടത്തുവാൻ.

ശുശ്രൂഷയിൽ പ്രാഗത്ഭ്യം തെളിയിക്കാതെ ഒരുവന് കൈവയ്പ്പു ശുശ്രൂഷ നൽകരുത് എന്ന് തിരുവചനം പഠിപ്പിക്കുന്നു. പരിശീലനം കഴിഞ്ഞ അയാൾ തന്റെ കഴിവ് കൈവയ്പ്പിനു മുൻപ് തെളിയിച്ചിരിക്കണം. അപ്പോൾ തന്നെ ശുശ്രൂഷകന്മാർക്ക് കൈവയ്പ്പ് നടത്തി കൊടുക്കുവാൻ അധികം താമസിക്കുകയുമരുത്. (Carver cecil church of God Doctrines).

കൈവയ്പ് ഗൗരവമേറിയതും ദൈവീകകരുതലിൽ ചെയ്യേണ്ടതും ആകുന്നു. പൗലോസ് തിമോഥെയൊസിനു നിർദ്ദേശം കൊടുക്കുമ്പോൾ "യാതൊരുത്തന്റെയും മേൽ വേഗത്തിൽ കൈവയ്ക്കരുത്; അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകുകയുമരുത്" എന്നാണ് പറഞ്ഞതു (1 തിമൊഥിയൊസ് 5:22). ഒരു മൂപ്പൻ അയോഗ്യനായ ഒരു ശുശ്രൂഷകനെ കൈവയ്പു നടത്തിയാൽ ആ മൂപ്പൻ അയോഗ്യതയുള്ള ശുശ്രൂഷയുടെ പങ്കാളി ആകും. പരിശുദ്ധാത്മാവിൽ നിന്ന് വ്യക്തതയും ഉറപ്പും ഇല്ലാതെ ഒരു ശുശ്രൂഷകൻ സമ്മർദ്ധങ്ങൾക്കു വഴങ്ങി ആരുടെയും മേൽ കൈവയ്പ്പ് നടത്തേണ്ടതില്ല.

### കൈവയ്പ്പിന്റെ ശരിയായക്രമം എന്ത്?

ബൈബിൾ പ്രകാരം ശുശ്രൂഷകൾക്കുള്ള ഉറപ്പിനും, സഭയ്ക്കും പിൻബലം ആകുവാനും രണ്ടോ മൂന്നോ മൂപ്പന്മാർ ചേർന്ന് ഒരുവന് കൈവയ്പ്പ് ശുശ്രൂഷ നല്കാം. മൂപ്പന്മാർ അതു രഹസ്യമായി നൽകാതെ പൊതുസഭയുടെ മദ്ധ്യത്തിൽ വേണം നല്കുവാൻ.

കൈവയ്പ്പു സമയത്ത് സഭാശുശ്രൂഷകന്റെയും മറ്റ് ശുശ്രൂഷകന്മാരുടെയും സാന്നിദ്ധ്യം അറിയിക്കേണ്ടത് അവരുടെ ഉത്തരവാദിത്വമാണ്. കൈവയ്പ്പിനുള്ള ശുശ്രൂഷകനോട് അന്വേഷണങ്ങളും ചോദ്യങ്ങളും അഭികാമ്യമാണ്. ഭാര്യയുടെയും സഹവിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ വേണ്ട പരിശോധനകൾ നടത്തി സ്ഥിരതയും, ഉറപ്പും മറയ്ക്കപ്പെട്ട പ്രശ്നങ്ങൾ ഒന്നുമില്ലെന്നും മനസ്സിലാക്കണം. ദൈവജനത്തിന്റെ മദ്ധ്യത്തിൽ വച്ച് കൈവയ്പ്പു നടത്തിയാൽ അതു അവർക്ക് അനുഗ്രഹവും, പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് ഗ്രഹിക്കുകയും ചെയ്യാം.

ആത്മീകസ്വഭാവമുള്ളതായതിനാൽ കൈവയ്പ്പ് ഒരിക്കലും രാഷ്ട്രീയപ്രേരിതമോ ,സ്വാധീനംകൊണ്ട് പാട്ടിലാക്കി നേടുകയും അരുത്. എല്ലായ്പ്പോഴും കൈവയ്പ്പ് സൂക്ഷമതയോടെയോ അഥവാ അതു അർഹിക്കുന്ന ഗൗരവത്തോടുകൂടിയോ ചെയ്യുവാൻ ശ്രദ്ധ കുറയുന്നുണ്ടെങ്കിലും അതു ദൈവസഭയിൽ ഇന്നും നിലനിൽക്കുന്ന ഉപദേശമായതിനാൽ അതു ബഹുമാനിക്കപ്പെടണം. കൈവയ്പ്പിനാൽ ഉറപ്പിക്കപ്പെട്ട മൂപ്പന്മാരെ അവരിൽ പരിശുദ്ധാത്മാവ് ചെയ്യുന്ന ശുശ്രൂഷയെ പ്രതി ആദരിക്കപ്പെടുകയും വേണം. - MWS

Printed matter only
**MALAYALAM EDITION**

നിങ്ങൾക്ക് അറിയാമോ?

### ക്രിസ്തീയ മണ്ഡലത്തിൽ ശുശ്രൂഷകന്മാരെക്കുറിച്ചുള്ള സ്ഥിതിവിവര കണക്ക്

75% ഉയർന്ന സമ്മർദ്ദം ഉള്ളവർ
91% ഏതെങ്കിലും തരത്തിൽ ശക്തി ക്ഷയിച്ചവർ
70% വിഷാദ അനുഭവത്തോട് പൊരുതുന്നവർ
70% ആഗ്രഹിക്കുന്ന ആത്മാർത്ഥ സ്നേഹിതർ ഇല്ലാത്തവർ
70% വേണ്ട പ്രതിഫലം കിട്ടാത്തവർ
80% ശുശ്രൂഷ കുടുംബത്തെ പ്രതികൂലമായി ബാധിച്ചു എന്നു പറയുന്നവർ
33% നേരിട്ട് ദുരിതം നിറഞ്ഞതു എന്നു പറയുന്നവർ

*(Statistics from Fuller Institute, Leadership Journal 2013, Schaeffer Institute)*

തക്കസമയത്ത് പറഞ്ഞ വാക്ക്

# നടത്തിപ്പുകാരന്റെ മനുഷ്യത്വം

*"സ്വയമായി വല്ലതും സങ്കല്പിക്കുവാൻ ഞങ്ങൾ പ്രാപ്തർ എന്നല്ല, ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ. - 2 കൊരിന്ത്യർ 3:5*

നടത്തിപ്പുക്കാരനായിരിക്കുന്നത് ഒരു ഉയർന്നവിളി ആകുന്നു. ദൈവം അവർക്കു നല്കിയിരിക്കുന്ന ഉയർന്ന സ്ഥാനത്തു നിന്ന് ക്രിസ്തുവിന്റെ ശരീരമാകുന്ന അംഗങ്ങളെ ആദരിക്കുന്നതിൽ മാതൃകയും ആത്മീക നേതൃത്വയോഗ്യതയും ഉള്ള ആളായിരിക്കണം നടത്തിപ്പുക്കാരൻ. ജനം നടത്തിപ്പുകാരന്റെ മനുഷ്യത്വം ഓർക്കേണ്ടത് പ്രധാനമാണ്. അവർ ആത്മീകയന്ത്രമനുഷ്യരോ വീഴ്ച സംഭവിക്കാത്തവരോ അല്ല. അവർക്ക് വിചാരങ്ങളും ബലഹീനതയും, വീഴ്ചയും ചില സന്ദർഭങ്ങളിൽ ജ്ഞാനത്തിലും കുറവ് വരാം. അവർക്കു പരീക്ഷയും നിരാശയും ഉയർന്ന സമ്മർദ്ധവും ശുശ്രൂഷയിൽ ഉണ്ടാകും. ഈ മാനുഷിക സാഹചര്യങ്ങൾ മനസ്സിലാക്കി ജനങ്ങൾ ശ്രദ്ധയോടും സ്നേഹത്തോടും ശുശ്രൂഷയെ കാണേണ്ടതു വളരെ പ്രധാനപ്പെട്ടതാണ്.



ദൈവത്തിന്റെയും പരിശുദ്ധാത്മാവിന്റെയും ശക്തിയും കഴിവും ഇല്ലാതെ വേണ്ടതുപോലെ ദൈവത്തിന്റെ വേലചെയ്യുവാൻ അവർ പ്രാപ്തരല്ല. ദൈവമാണ് അവരുടെ നിറവ്. അവർക്കു ലഭിച്ചിരിക്കുന്ന സ്ഥാനമോ ചുമതലയോ മുഖാന്തരം മാനുഷിക ബലഹീനതകൾ അവരിൽ കാണരുത് എന്നു ജനങ്ങൾ സാധാരണ ആഗ്രഹിക്കുന്നു. ഒരു യഥാർത്ഥ ശുശ്രൂഷകൻ ദൈവത്തിൽ ആശ്രയിക്കുകയും വിനയപ്പെടുകയും ചെയ്യുന്നത് മനുഷ്യത്വപരമായ അംഗീകാരത്താലാണ്.

കഴിഞ്ഞകാല അപ്പൊസ്തലന്മാരും ആത്മീകനേതാക്കന്മാരും മനുഷ്യർ എന്ന നിലയിൽ തെറ്റുകൾ ഉണ്ടായിരുന്നെങ്കിലും അവരിൽ കൂടിനടന്ന ദൈവപ്രവർത്തികൾ അവമതിക്കപ്പെട്ടിട്ടില്ല. എല്ലാ ദൈവമക്കളും കൂട്ടായ്മകളും ആത്മീക നേതൃത്വത്തിനോടുള്ള ആദരവും പരിഗണനയും അവരുടെ മനുഷ്യത്വം പരിഗണിച്ച് നിലനിർത്തുവാൻ ഇടയാകട്ടെ.

\- MWS

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**